# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


**വാർത്താക്കുറിപ്പ്(2)**

**2024 ജനുവരി 8**

---

## ഡോ. എ. സുകുമാരൻ നായരുടെ നിര്യാണത്തിൽ വൈസ് ചാൻസലർ അനുശോചിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ മുൻ വൈസ് ചാൻസലർ ഡോ. എ. സുകുമാരൻ നായരുടെ നിര്യാണത്തിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അനുശോചിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ ധിഷണാശാലിയായിരുന്നു അദ്ദേഹമെന്ന് വൈസ് ചാൻസലർ അനുസ്മരിച്ചു. (പി.ആർ.ഒ/39/21/2024)

## പ്രഭാഷണ പരിപാടി നടത്തി

സാമൂഹിക-സാമ്പത്തിക വികസനത്തിൽ നൂതന സാങ്കേതികവിദ്യകളുടെ സ്വാധീനം സാമൂഹ്യ ശാസ്ത്ര വിഷയങ്ങളുടെ കരിക്കുലത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് വിഖ്യാത സാമ്പത്തിക വിദഗ്ധനും അലാസ്ക സർവകലാശാലയിലെ അധ്യാപകനുമായ പ്രഫ. അജിത് ദയാനന്ദൻ നിർദേശിച്ചു.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസിലെ സെന്റർ ഫോർ ടെക്നോളജി ആന്റ് ഹ്യൂമൻ ഡവലപ്മെന്റ് സ്റ്റഡീസ് (സിടിഎച്ച്ഡിഎസ്)ഘടിപ്പിച്ച പ്രഭാഷണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

റൂസ പ്രോജക്ടിന്റെ ഭാഗമായാണ് രാജ്യത്തെ അസംഘടിത മേഖലയിൽ ഡിജിറ്റൽ സമ്പദ് വ്യവസ്ഥയുടെ സ്വാധീനം എന്ന വിഷയത്തിൽ പ്രഭാഷണ പരിപാടി സംഘടിപ്പിച്ചത്.

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റൽ സ്റ്റഡീസ് ഡയറക്ടർ പ്രഫ. ബിജു ലക്ഷ്മണൻ, സിടിഎച്ച്ഡിഎസ് ഡയറക്ടർ ഡോ. രാജേഷ് മണി തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ.ഒ/39/22/2024)

## പരീക്ഷാ ഫലം

2023 ഏപ്രിലിൽ നടന്ന ഒന്നാം സെമസ്റ്റർ എം.സി.എ(റിവൈസ്ഡ് സ്കീം 2022 അഡ്മിഷൻ റെഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 22 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

......................

മൂന്ന്, നാല് സെമസ്റ്റർ എം.എ അറബിക് പ്രൈവറ്റ് രജിസ്ട്രേഷൻ(2020 അഡ്മിഷൻ റെഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി- മാർച്ച് 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 22വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ/39/23/2024)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എംഎസ്സി ഹോം സയൻസ്(2022 അഡ്മിഷൻ റെഗുലർ, 2019, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 17 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

....................

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്(പുതിയ സ്കീം- 2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷയുടെ ബി.എ കഥകളി മദ്ദളം പ്രാക്ടിക്കൽ പരീക്ഷ ജനുവരി 11, 12 തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടത്തും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/24/2024)

## അദാലത്ത് മെഴ്സി ചാൻസ് പരീക്ഷ; കൂടുതൽ പേപ്പറുകൾ ഉൾപ്പെടുത്തി

പി.ജി അദാലത്ത് സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷ-2018(2001, 2003 അഡ്മിഷനുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയിൽ ദൃശ്യകലാ സാഹിത്യം(എം.എ മലയാളം-2003 അഡ്മിഷൻ രണ്ടാം സെമസ്റ്റർ), ലിറ്ററേച്ചർ ഓഫ് ദി എയ്റ്റീന്ത് സെഞ്ചുറി(എം.എ ഇംഗ്ലീഷ്-2003 അഡ്മിഷൻ സെക്കന്റ് സെമസ്റ്റർ), അഡ്വാൻസ്ഡ് കോസ്റ്റ് അക്കൗണ്ടിംഗ്(എം.കോം 2002 അഡ്മിഷൻ പ്രൈവറ്റ് രജിസ്ട്രേഷൻ ഒന്നാം വർഷം) ബിസിനസ് എൻവയോൺമെന്റ്(എം.കോം 2002 അഡ്മിഷൻ പ്രൈവറ്റ് രജിസ്ട്രേഷൻ

രണ്ടാം വർഷം) എന്നീ പേപ്പറുകൾ ഉൾപ്പെടുത്തി. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/25/2024)

## സർട്ടഫിക്കറ്റ് വിതരണം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ്(ഐയുസിഡിഎസ) നടത്തിയ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഡിമെൻഷ്യ കെയർ ആന്റ് കൗൺലിംഗ് കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതണം ഇന്ന്(ജനുവരി 9) നടക്കും. രാവിലെ പത്തിന് സർവകലാശാലാ കാമ്പസിലെ കൺവർജൻസ് അക്കാദമിയ കോംപ്ലക്സിന്റെ അഞ്ചാം നിലയിൽ ഐയുസിഡിഎസ് കോൺഫറൻസ് ഹാളിലാണ് പരിപാടി.
(പി.ആർ.ഒ/39/26/2024)

## പരീക്ഷാ തീയതി

ഒന്നാം സെമസ്റ്റർ എംസിഎ(2023 അഡ്മിഷൻ റെഗുലർ, 2020, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി-അഫിലിയേറ്റഡ് കോളജുകളും സീപാസും)പരീക്ഷ ജനുവരി 22 മുതൽ നടക്കും. ജനുവരി 12 വരെ  വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ജനുവരി 15 വരെ ഫൈനോടു കൂടിയും 16ന് സൂപ്പർ ഫൈനോടുകൂടിയും അപേക്ഷ സ്വീകരിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

...................

അഞ്ചാം സെമസ്റ്റർ ബി.വോക് മീഡിയ ആന്റ് ഫിലിം മേക്കിംഗ്(പുതിയ സ്കീം 2021 അഡ്മിഷൻ റെഗുലർ) പരീക്ഷ ജനുവരി 29ന് ആരംഭിക്കും. ജനുവരി 18 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ഫൈനോടു കൂടി 19നും സൂപ്പർ ഫൈനോടുകൂടി 20നും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/27/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**